# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 214      28.01.2019 ലെ മറുപടി

## വനിതാ മതിൽ സംഘാടക സമിതി അംഗങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.പി. അനിൽ കുമാർ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വനിതാ മതിലിന്റെ നടത്തിപ്പിനായി വിളിച്ചുചേർത്ത ആദ്യ യോഗത്തിലേക്ക് എത്ര സംഘടനകളെയാണ് ക്ഷണിച്ചിരുന്നത്; ഇതിൽ എത്ര സംഘടനകൾ പങ്കെടുത്തിരുന്നു; വ്യക്തമാക്കുമോ; | (എ) | കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും യോഗമാണ് സർക്കാർ വിളിച്ച് ചേർത്തത്. സംഘടനകളുടെ യോഗത്തിൽ ഉയർന്നുവന്ന പൊതുവായ അഭിപ്രായത്തെ തുടർന്നാണ് വനിത മതിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചത്. യോഗത്തിലേക്ക് 172 സംഘടനകളെ ക്ഷണിച്ചിരുന്നു. |
| (ബി) | വനിതാ മതിലിന്റെ സംഘാടക സമിതി അംഗങ്ങൾ, ചെയർമാൻ, കൺവീനർ എന്നിവർ ആരൊക്കെയായിരുന്നു; വെളിപ്പെടുത്താമോ? | (ബി) | നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നതിന് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ ചെയർമാനും, കെ.പി.എം.എസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ കൺവീനറുമായി നവോത്ഥാന മൂല്യ സംരക്ഷണസമിതി രൂപീകരിച്ചിരുന്നു. സി. കെ. വിദ്യാസാഗർ, ബി. രാഘവൻ (വൈസ് ചെയർമാൻമാർ) സി.ആർ. ദേവദാസ്, സി.പി. സുഗതൻ, ഇ.എൻ.ശങ്കരൻ (ജോയിന്റ് കൺവീനർമാർ) കെ.സോമപ്രസാദ് (ട്രഷറർ) എന്നിവരെ മറ്റ് ഭാരവാഹികളായി യോഗം തിരഞ്ഞെടുക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ